MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.Cl/85/Law, dated 17th April 1985

വാർത്താക്കുറിപ്പ്

2026 സെപ്റ്റംബർ 28

എം.ജി.യു. എല്ലാ കാലത്തും കർഷകരുടെ പ്രശ്നങ്ങൾ പരിഗണിച്ച സർവകലാശാല: മന്ത്രി അഡ്വ. മോൻസ് ജോസഫ്

കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ആദ്യകാലം മുതൽക്കേ നടപടികളെടുത്തിരുന്ന സർവകലാശാലയാണ് മഹാത്മാഗാന്ധി സർവകലാശാലയെന്ന് ജലവിഭവ-ഭവന വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ്. കർഷകരുമായും കർഷക ഉൽപ്പാദക സംഘടനകളുമായുമുള്ള സംവാദ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. മുൻ വൈസ് ചാൻസലർ ഡോ. യു. ആർ. അനന്തമൂർത്തി കാർഷികമേളക്ക് വലിയ പിന്തുണ നൽകിയിരുന്നു. ആ പാരമ്പര്യത്തിന്റെ തുടർച്ചയാണ് ഇന്നത്തെ ഈ സംവാദം. ഈ പരിപാടിയുടെ ആദ്യകാല ചർച്ചകളിൽ ഞാനും പങ്കെടുത്തിട്ടുണ്ട്, അദ്ദേഹം കൂട്ടിച്ചേർത്തു.

ക്യാമ്പസിൽ നടന്ന കാർഷിക ഉത്പന്നങ്ങളുടെ പ്രദർശന-വിപണന മേളയും അദ്ദേഹം ഉദ്ഘാടനം ചെയ്തു. പ്രാദേശിക കൃഷി ഉത്പന്നങ്ങൾ വിൽക്കുന്നതിന് ക്യാമ്പസിൽ സ്ഥിരമായ ഒരു സംവിധാനം തയ്യാറാക്കണമെന്ന് അദ്ദേഹം വൈസ് ചാൻസലറോട് ആവശ്യപ്പെട്ടു.
വൈജ്ഞാനിക-കാർഷിക മേഖലകളെ ബന്ധിപ്പിച്ച് സംസ്ഥാന സർക്കാർ മുന്നോട്ടുവെക്കുന്ന പദ്ധതികൾ നടപ്പാക്കാൻ ആദ്യം മുന്നോട്ടു വരുന്നത് മഹാത്മാഗാന്ധി സർവകലാശാലയാണെന്നും അതിന് സർവകലാശാല പ്രത്യേകം അഭിനന്ദനം അർഹിക്കുന്നുവെന്നും മന്ത്രി പറഞ്ഞു.

കാർഷിക ഉത്പന്നങ്ങൾ മാർക്കറ്റിലെത്തിക്കുന്നതിന് നിരവധി സ്ഥാപനങ്ങൾക്ക് മാർഗദർശിയായ പ്രൊഫ. കെ. ജെ. കുര്യനെ ചടങ്ങിൽ മന്ത്രി ആദരിച്ചു. മികച്ച കർഷക ഉൽപ്പാദക സംഘടനക്കുള്ള പുരസ്കാരം പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിക്കുവേണ്ടി ഫാ. ദീപു മന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി.

സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു ചടങ്ങിൽ അധ്യക്ഷത

വഹിച്ചു. സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോബിൻ ജോസ്, ഡോ. അൽസൺ മാർട്ട്, ഡോ. രാജേഷ് കോമത്ത്,  പ്രൊഫ. (ഡോ.) ഗിരീഷ് കുമാർ ജി.എസ്.,  ഡോ. ഐസൺ വി. വഞ്ചിപ്പുരക്കൽ, ആൻ സെബാസ്റ്റ്യൻ, സർവകലാശാലയുടെ ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ ഡയറക്ടർ പ്രൊഫ. (ഡോ.) രാധാകൃഷ്ണൻ ഇ.കെ. എന്നിവർ പങ്കെടുത്തു.

കർഷകരുടെ പ്രായോഗിക പ്രശ്നങ്ങളും ആവശ്യങ്ങളും സർവകലാശാലയിലെ അക്കാദമിക-ഗവേഷണ മേഖലകളുമായി ബന്ധിപ്പിക്കുകയാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. കർഷകർ നേരിടുന്ന വെല്ലുവിളികൾ വിദ്യാർത്ഥികളുടെ പഠന പ്രോജക്ടുകളായി ഏറ്റെടുക്കും. സർവകലാശാലയിൽ വികസിപ്പിക്കുന്ന ആശയങ്ങളും സാങ്കേതികവിദ്യകളും കർഷകരുടെ ഉൽപ്പന്നങ്ങളാക്കി മാറ്റി വിപണിയിലെത്തിക്കാൻ സർവകലാശാല നേരിട്ട് പിന്തുണ നൽകും. സർവകലാശാലയുടെ ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ സംരംഭങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശം, സാങ്കേതികവിദ്യ, ഉൽപ്പന്ന വികസനം, സംരംഭകത്വ സഹായം എന്നിവ ഉറപ്പാക്കും. കൂടാതെ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ടെക്നോളജി ആൻഡ് ഇന്നൊവേഷൻ കർഷകരുടെ ആവശ്യാനുസൃതമുള്ള ഗവേഷണങ്ങൾക്ക് പിന്തുണയേകും.

ഫോട്ടോ ക്യാപ്ഷൻ: പ്രദർശന-വിപണന മേള മന്ത്രി അഡ്വ. മോൻസ് ജോസഫ് നാട മുറിച്ച് ഉദ്ഘാടനം ചെയ്യുന്നു. സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോബിൻ ജോസ്, പ്രൊഫ. (ഡോ.) ഗിരീഷ് കുമാർ ജി.എസ്., ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ ഡയറക്ടർ പ്രൊഫ. (ഡോ.) രാധാകൃഷ്ണൻ ഇ.കെ. തുടങ്ങിയവർ സമീപം.

പി.ആർ.ഒ/869/2026

## അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസ അന്തരീക്ഷം ലഭ്യമാക്കാൻ നാം പ്രതിജ്ഞാബദ്ധം: മന്ത്രി മോൻസ് ജോസഫ്

മഹാത്മാഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ  'മെറിറ്റ് ഡേ 2026' ആഘോഷിച്ചു. മികച്ച വിജയം നേടിയ വിദ്യാർഥികളുടെ അക്കാദമിക മികവിനെയും കഠിനാധ്വാനത്തെയും ആദരിക്കുന്നതിനായി സംഘടിപ്പിച്ച ചടങ്ങ് ജലവിഭവ-ഭവനനിർമാണ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു. സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു അധ്യക്ഷത വഹിച്ചു.

വിദ്യാഭ്യാസ രംഗത്ത്  നാം കൈവരിച്ച പുരോഗതി, ലോക സാധ്യതകളെ മുന്നിൽ

കണ്ടുകൊണ്ട് മുന്നേറാൻ കേരളത്തിന് കരുത്തായെന്നു മന്ത്രി അഡ്വ. മോൻസ് ജോസഫ് അഭിപ്രായപെട്ടു. സർവകലാശാല ഇത്തരത്തിൽ പ്രതിഭകളെ പൊതുവേദിയിൽ ആദരിക്കുന്നത് അവർക്ക് ഭാവിയിൽ  ഉയരങ്ങളിലേക്ക് എത്താൻ പ്രചോദനമാകും. ഒരുകാലത്ത് ദരിദ്ര രാജ്യമായി മുദ്രകുത്തപ്പെട്ട ഭാരതം, ജനശക്തിയും വിജ്ഞാനവുമാണ് തങ്ങളുടെ കരുത്തെന്ന് ഇന്ന് ലോകത്തിന് മുന്നിൽ തെളിയിച്ചു. അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ അന്തരീക്ഷവും വിദ്യാർഥികൾ ആഗ്രഹിക്കുന്ന രീതിയിലുള്ള കോഴ്സുകളും ലഭ്യമാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കേവലം ബിരുദം നേടുന്നതിനപ്പുറം സാമൂഹിക പ്രതിബദ്ധതയും നന്മയും കാരുണ്യവുമുള്ള വ്യക്തികളായി വിദ്യാർഥികളെ മാറ്റാൻ വിദ്യാഭ്യാസത്തിന് സാധിക്കണമെന്ന് അധ്യക്ഷ പ്രസംഗത്തിൽ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു അഭിപ്രായപ്പെട്ടു. ഇന്ത്യയുടെ ഭാവി നമ്മുടെ അധ്യാപകരുടെ കൈകളിലാണെന്നും, സർവകലാശാലയിൽ നിന്ന് നേടുന്ന അറിവും ബിരുദവും സമൂഹത്തിന്റെ നന്മയ്ക്കായി പ്രയോജനപ്പെടുത്താൻ വിദ്യാർഥികൾ തയ്യാറാകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

ചടങ്ങിൽ സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോബിൻ ജോസ്, പ്രൊഫ. (ഡോ.) രാജേഷ് കോമത്ത്, ഡോ. ഐസൺ വി. വഞ്ചിപുരക്കൽ, ആൻ സെബാസ്റ്റ്യൻ, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ഡയറക്ടറും പരീക്ഷാ കൺട്രോളറുടെ അധികചുമതലയുള്ള പ്രൊഫസറുമായ ഡോ. സജ്ന ജലീൽ തുടങ്ങിയവരും സംസാരിച്ചു. പരീക്ഷകളിൽ മികച്ച വിജയം നേടിയ കുട്ടികൾക്ക് ട്രോഫി നൽകി ആദരിച്ചു.

ഫോട്ടോ ക്യാപ്ഷൻ: മെറിറ്റ് ഡേ മന്ത്രി അഡ്വ. മോൻസ് ജോസഫ് വിളക്കുകൊളുത്തി ഉദ്ഘാടനം ചെയ്യുന്നു. സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ജോബിൻ ജോസ്, പ്രൊഫ. (ഡോ.) രാജേഷ് കോമത്ത്, ഡോ. ഐസൺ വി. വഞ്ചിപുരക്കൽ, ആൻ സെബാസ്റ്റ്യൻ, സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ഡയറക്ടറും പരീക്ഷാ കൺട്രോളറുടെ അധികചുമതലയുള്ള പ്രൊഫസറുമായ ഡോ. സജ്ന ജലീൽ തുടങ്ങിയവർ സമീപം.

പി.ആർ.ഒ/870/2026

ഗുണമേന്മയുള്ള ഓൺലൈൻ വിദ്യാഭ്യാസം: ദേശീയ പരിശീലന പരിപാടിയിൽ മഹാത്മാഗാന്ധി സർവകലാശാലയും

ഓൺലൈൻ വിദ്യാഭ്യാസം മികവുറ്റതാക്കുന്നതിനായി നടക്കുന്ന ദേശീയതല പരിശീലന പരിപാടിയിൽ മഹാത്മാഗാന്ധി സർവകലാശാലയുടെ സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ്

ഓൺലൈൻ എജ്യുക്കേഷനും പങ്കാളിയാവുന്നു.

നാഷണൻ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലും, ഓപ്പൺ ലേണിങ് പ്രോത്സാഹിപ്പിക്കാനായി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സ്ഥാപനമായ കോമൺവെൽത്ത് ഓഫ് ലേണിംഗും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് പ്രോഗ്രാം രൂപകൽപ്പന ചെയ്യുന്നതിനാണ് മഹാത്മാഗാന്ധി സർവകലാശാലയെ തിരഞ്ഞെടുത്തിരിക്കുന്നത്.

'ട്രാൻസ്ഫോർമിങ് ഇന്ത്യൻ ഹയർ എജ്യുക്കേഷൻ ത്രൂ ഓൺലൈൻ ലേണിങ്: കപ്പാസിറ്റി ബിൽഡിങ് ഫോർ ഇംപ്രൂവിങ് ക്വാളിറ്റി അഷ്വറൻസ് സിസ്റ്റംസ്' എന്ന പേരിലുള്ള പദ്ധതിയുടെ ലക്ഷ്യം ഓൺലൈൻ വിദ്യാഭ്യാസത്തിലെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള ആഭ്യന്തര സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ഓൺലൈൻ പ്രോഗ്രാമുകളുടെ രൂപകൽപ്പന, വികസനം, നടത്തിപ്പ് എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ ശേഷി വർധിപ്പിക്കുകയും ചെയ്യുക എന്നതാണ്.

മഹാത്മാഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിലെ പ്രൊഫ. (ഡോ.) കെ. കെ. ജോസും പ്രൊഫ. (ഡോ.) സെബാസ്റ്റ്യൻ ജോർജും പരിശീലന പരിപാടികളിൽ പങ്കെടുക്കും. ഇവർ പിന്നീട് സർവകലാശാലയിലെ മറ്റ് അധ്യാപകരെ പരിശീലിപ്പിക്കും.

പദ്ധതിയുടെ ആദ്യ ശിൽപ്പശാല 2026 സെപ്റ്റംബർ 28, 29 തീയതികളിൽ ഗുജറാത്തിലെ അഹമ്മദാബാദിലുള്ള ഡോ. ബാബാസാഹേബ് അംബേദ്കർ ഓപ്പൺ യൂണിവേഴ്സിറ്റിയിലാണ് നടക്കുന്നത്. പൂർണമായ ഒരു ഓൺലൈൻ പ്രോഗ്രാം രൂപകൽപ്പന ചെയ്ത് വികസിപ്പിക്കുന്നതിനായി ഏഴ് മാസം വരെ നീളുന്ന പദ്ധതിയായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

ഈ സംരംഭത്തിലേക്ക് മഹാത്മാഗാന്ധി സർവകലാശാലയെ തിരഞ്ഞെടുത്തത് ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിങ്, ഓൺലൈൻ വിദ്യാഭ്യാസ മേഖലകളിലെ ഗുണമേന്മ ശക്തിപ്പെടുത്തുന്നതിനുള്ള സർവകലാശാലയുടെ തുടർച്ചയായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണെന്ന് സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു അഭിപ്രായപ്പെട്ടു. ഗുണമേന്മയുള്ള ഓൺലൈൻ പ്രോഗ്രാമുകൾ വികസിപ്പിക്കുന്നതിനാവശ്യമായ അക്കാദമിക, സാങ്കേതിക പ്രക്രിയകൾ കൂടുതൽ ശക്തിപ്പെടുത്താനും ഈ സംരംഭം സഹായിക്കും, അദ്ദേഹം പറഞ്ഞു.

പി.ആർ.ഒ/871/2026

പരീക്ഷാതീയതി മാറ്റി

ഓക്ടോബർ 5ന് നടത്താനിരുന്ന എട്ടാം സെമസ്റ്റർ പഞ്ചവത്സര ബിഎ, ബിബിഎ, ബികോം എൽഎൽബി (2022 അഡ്മിഷൻ റഗുലർ, 2018-2021 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2015-2017 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ഓക്ടോബർ 22 ലേക്ക് മാറ്റി.

പി.ആർ.ഒ/872/2026

പരീക്ഷാഫലം

നാലാം സെമസ്റ്റർ എംഎ സിറിയക്  പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ റഗുലർ, 2019-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

---------

രണ്ടാം സെമസ്റ്റർ എംഎസ്.സി ആക്ച്വൂരിയൽ സയൻസ് (പിജിസിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മെയ്  2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 12 വരെ ഓൺലൈനായി അപേക്ഷിക്കാം.വരെ ഓൺലൈനിൽ അപേക്ഷിക്കാം.

---------

മൂന്നാം സെമസ്റ്റർ എംഎസ്.സി മാത്തമാറ്റിക്സ്  പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ റഗുലർ, 2019-2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

പി.ആർ.ഒ/873/2026

പരീക്ഷാതീയതി

അഞ്ചാം സെമസ്റ്റർ എംജിയു യുജിപി (ഓണേഴ്സ്) ബിബിഎ (ഓണേഴ്സ്), ബിസിഎ (ഓണേഴ്സ്) (2024 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ഒക്ടോബർ 12 മുതൽ നടക്കും.

പി.ആർ.ഒ/874/2026

പബ്ലിക് റിലേഷൻസ് ഓഫീസർ



